# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഫെബ്രുവരി 12

# വാർത്താക്കുറിപ്പ്

---

### വൈവാവോസി; ഡിസർട്ടേഷൻ സമർപ്പിക്കണം

2016-17 ബാച്ച് എം.ഫിൽ (പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 27ന് രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടക്കും. വിദ്യാർഥികൾ ഡിസർട്ടേഷനുകൾ ഫെബ്രുവരി 25ന് മുമ്പായി സമർപ്പിക്കണം.

(പി.ആർ.ഒ./39/284/2019)

### സുരക്ഷാ ജീവനക്കാരുടെ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നു. ദിവസവേതന വ്യവസ്ഥയിൽ 30 സുരക്ഷാഭടന്മാരെയും എട്ട് വനിതാ ജീവനക്കാരെയുമാണ് നിയമിക്കുന്നത്. ഒരു വർഷത്തേക്കാണ് നിയമനം. നിയമനത്തിനുള്ള ശാരീരിക ക്ഷമതാ പരീക്ഷ ഫെബ്രുവരി 19, 20 തീയതികളിൽ നടക്കും. പുരുഷന്മാർക്കായി 19ന് രാവിലെ 7.30നും വനിതകൾക്കായി 20ന് രാവിലെ 7.30നും സർവകലാശാലയിലെ ഫിസിക്കൽ എജ്യൂക്കേഷൻ ഗ്രൗണ്ടിലാണ് പരീക്ഷ. യോഗ്യത: പുരുഷന്മാർ - വിമുക്തഭടൻ/ ബി.എസ്.എഫ്./ സി.ആർ.പി.എഫ്. തുടങ്ങി സൈനിക, അർദ്ധസൈനിക സേവന പരിചയം. വനിതകൾ- എൻ.സി.സി. ബി., സി. സർട്ടിഫിക്കറ്റ് നേടിയവർ, എൻ.എസ്.എസിൽ റിപ്പബ്ലിക് പരേഡിൽ പങ്കെടുത്തവർ, ബി.എസ്.എഫ്. സി.ആർ.പി.എഫ്., അർദ്ധസൈനിക വിഭാഗങ്ങളിൽ സേവനപരിചയം. താല്പര്യമുള്ളവർ രേഖകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി രാവിലെ ഏഴിന് ഗ്രൗണ്ടിലെത്തണം. ശാരീരിക ക്ഷമതാ പരീക്ഷയിൽ വിജയിക്കുന്നവർക്കുള്ള അഭിമുഖ പരീക്ഷ ഫെബ്രുവരി 26, 27 തീയതികളിൽ രാവിലെ 8.30ന് സർവകലാശാലയിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/285/2019)

### ഡിപ്ലോമ കോഴ്സ് പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന ഡിപ്ലോമ കോഴ്സുകളിലേക്ക് പ്രവേശനം നേടാം. ഡിപ്ലോമ ഇൻ യോഗിക് സയൻസ് കോഴ്സിലേക്കുള്ള പ്രവേശനം ഫെബ്രുവരി 15ന് രാവിലെ 10ന് സർവകലാശാലയിലെ ലൈഫ് ലോങ് ലേണിങ് ആന്റ് എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിൽ നടക്കും. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയം, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗിക് സയൻസ് ജയം. ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിലേക്കുള്ള പ്രവേശനം ഫെബ്രുവരി 19ന് നടക്കും. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയം, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗ് ജയം.

(പി.ആർ.ഒ./39/286/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ